# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3541** **22/08/2017-ൽ മറുപടിക്ക്**

## കാട്ടുപന്നികളിൽ നിന്ന് പകരുന്ന രോഗം

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.ചിറ്റയം ഗോപകുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| **എ)** അടൂർ നിയോജക മണ്ഡലത്തിലെ കൊടുമൺ പഞ്ചായത്തിലെ അങ്ങാടിയ്ക്കൽ ഭാഗത്ത് കാട്ടുപന്നികളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന ചെള്ളുകൾ കടുത്ത ആരോഗ്യ പ്രശ്നമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** തൊലിപ്പുറമേ ചൊറിച്ചിലും തടിപ്പും ഉള്ള അലർജി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)** ഈ രോഗത്തിന് കൃത്യമായ ചികിത്സ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ ഒരു പഠനം നടത്തുന്നതിനും അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | **ബി)** പ്രസ്തുത വിഷയത്തിന്മേൽ ഒരു പഠനം നടത്തുന്നതിനും അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| **സി)** ഈ വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി സഹകരിച്ച് സംയുക്ത യോഗം വിളിക്കുന്നതിന് തയ്യാറാകുമോ; | **സി)** ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി സഹകരിച്ച് സംയുക്ത പ്രവർത്തനം നടന്നുവരുന്നു. |
| **ഡി)** രോഗം ബാധിച്ച തദ്ദേശവാസികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | **ഡി)** രോഗം ബാധിച്ച തദ്ദേശവാസികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**